(ബി) മേൽപ്പറഞ്ഞ പദ്ധതികൾക്ക് പ്രത്യേകം പ്രത്യേകം ബഡ്ജറ്റ് ശീർഷകങ്ങൾ ഇല്ല. ടി പ്രവൃത്തികൾ, വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ചാണ് ചെയ്യുന്നത്. പരാമർശിത പദ്ധതികൾക്ക് നീക്കിവച്ച ആകെ തുക 2979.59 ലക്ഷം രൂപയാണ്. ഇതിൽ 2250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത് നബാർഡ് സ്കീമിന്റെ കീഴിൽ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ്. ഇതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. ബാക്കിയുള്ള പ്രവൃത്തികൾക്ക് ചെലവാക്കിയിട്ടുള്ളത് 614.762 ലക്ഷം രൂപയാണ്. മേൽപ്പറഞ്ഞ പ്രവൃത്തികൾ എല്ലാംതന്നെ നടപ്പിലാക്കിയിട്ടുള്ളവയോ, നടപ്പിലാക്കികൊണ്ടിരിക്കുന്നവയോ, നടപ്പിലാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടുള്ളവയാണ്.

അഗേവ് വേലികളുടെ നിർമ്മാണം

240 (1945) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർസും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങളുടെ ഉപദ്രവം തടയുന്നതിനുള്ള നടപടി എന്ന നിലയിൽ അഗേവ് വേലികൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വേലികളുടെ നിർമ്മാണത്തിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(സി) പ്രകൃതി സംരക്ഷണത്തിനായി കൂടുതൽ അഗേവ് വേലികൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) വന്യമൃഗങ്ങളുടെ ഉപദ്രവം തടയുന്നതിനായി അഗേവ് വേലികൾ പരീക്ഷണാടിസ്ഥാനത്തിൽ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ട്. കൃഷിരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 46 കിലോമീറ്റർ ദൂരം ജൈവവേലി നിർമ്മാണത്തിൽ അഗേവ് പ്ലാന്റിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കാട്ടുപന്നി മുതലായ വന്യജീവികളുടെ ആക്രമണം രൂക്ഷമായുള്ള വരണ്ട പ്രദേശങ്ങളിൽ അഗേവ് തൈകൾ കുറഞ്ഞ അകലത്തിൽ നടുക എന്ന മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്.

(സി) അഗേവ് വരണ്ട കാലാവസ്ഥയ്ക്കനുയോജ്യമായ സസ്യമാണ്. കേരളത്തിൽ അട്ടപ്പാടി പോലുള്ള മഴകുറഞ്ഞ വരണ്ട പ്രദേശങ്ങളിൽ അഗേവ് വേലികൾ സൃഷ്ടിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly